**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6518** **20-03-2023 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി പല്ലശ്ശന കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | (1) കിഫ്ബി - 2017-18 പദ്ധതിയിലുൾപ്പെടുത്തി നെന്മാറ മണ്ഡലത്തിലെ പല്ലശ്ശന, എലവഞ്ചേരി, ആലത്തൂർ, എരിമയൂർ, പുതുക്കോട്, കാവശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി - ഫേസ് 1 31.03.2023 ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>(2) ജലജീവൻ മിഷൻ എലവഞ്ചേരി, പല്ലശ്ശന ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം - 30.09.2023 ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കിഫ്ബി - 2017-18 ഒന്നാംഘട്ട പദ്ധതിയുടെ 98% പ്രവൃത്തികളും പൂർത്തീകരിച്ചു. ഇതിൽ 26 എം.എൽ.ഡി ജലശുദ്ധീകരണശാല, 600 എംഎം ഡി ഐ കെ 9റോ വാട്ടർ പമ്പിംഗ് മെയിൻ - 286 മീറ്റർ, 630 കെ വി എ ട്രാൻസ്ഫോമർ, റോ വാട്ടർ പമ്പ് സെറ്റുകൾ - 43 എച്ച് പി - 2 എണ്ണം എന്നിവ ഉൾപ്പെടുന്നു.കെ.എസ്.ഇ.ബി. പവർ കണക്ഷൻ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി രണ്ടാം ഘട്ടമായി നടപ്പിലാക്കുന്ന എലവഞ്ചേരി, പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ താഴെ കൊടുത്തിരിക്കുന്നു.<br><br>1.പല്ലശ്ശന കാരോട്ടുമലയിലെ 33 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ ഫ്ളോർ സ്ലാബ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br><br>2.എലവഞ്ചേരി വെങ്കായപ്പാറയിൽ 10 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 3.എലവഞ്ചേരി ആകെ 82.50 കി.മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ - 70.74 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു.<br><br>4.പല്ലശ്ശന ആകെ 122.08 കി.മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ - 88.54 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു.<br><br>5.ആകെ 880 കി.മീ വിതരണശൃംഖലയിൽ 550 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചു.<br><br>6.ആകെ 27786 ഗാർഹിക കണക്ഷനുകൾ നൽകാനുള്ളതിൽ 18461 കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>ഈ ഘട്ടത്തിന്റെ 75% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ